ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 28/10/2020

നം.TRY/1456/2020-P2

പ്രേഷകൻ
ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും
എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാരും

സർ,

വിഷയം: കേരളാ സംസ്ഥാന സർവീസ്/കുടുംബ/KFF പെൻഷൻകാർക്ക് പെൻഷൻ ഇനത്തിൽ അധികമായി വിതരണം നടത്തിയിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്നത്- സംബന്ധിച്ച്.

സൂചന : സർക്കാർ കത്ത് നമ്പർ 1510904/എസ്റ്റാ-സി4/27/2020-ധന തീയതി: 24/09/2020.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരളാ സംസ്ഥാന സർവീസ് /കുടുംബ /KFF പെൻഷൻകാർക്ക് പെൻഷൻ ഇനത്തിൽ അധികമായി വിതരണം നടത്തിയിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കാരിൽ നിന്നുള്ള കത്തിന്റെ പകർപ്പ് താങ്കളുടെ അറിവിലേക്കായി ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പെൻഷൻ റിവിഷൻ നടത്തുമ്പോൾ അധിക തുക നൽകാതിരിക്കാൻ /തെറ്റായി റിവിഷൻ നടത്താതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

LATHA V
ASSISTANT DIRECTOR

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712, FAX:0471-2324229

**കേരള സർക്കാർ**

നം.1510904/എസ്റ്റാ-സി4/27/2020-ധന

ധനകാര്യ (എസ്റ്റാ-സി) വകുപ്പ്
തിരുവനന്തപുരം
തീയതി:24/09/2020

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം :- ധനകാര്യവകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറീസ് - കേരള സംസ്ഥാന സർവീസ്/കുടുംബ/FFP കാർക്ക് പെൻഷൻ ഇനത്തിൽ അധികമായി വിതരണം ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 21/05/2020 തീയതിയിലെ നം.TRY/1456/2020-P2 കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന സർവീസ് /കുടുംബ / FFP കാർക്ക് പെൻഷൻ ഇനത്തിൽ അധികമായി വിതരണം ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു.

i. ബഹു.സുപ്രീംകോടതിയുടെ State of Punjab&Others Vs. Rafiq Masih 2015(I)KLT9429 എന്ന കേസിന്റെ ഉത്തരവിന്റെ വെളിച്ചത്തിലും ആദ്യ പെൻഷന് അപേക്ഷിക്കുമ്പോൾ മുൻപ് അധികമായി തുക കൈപ്പറ്റുന്ന പക്ഷം ആയത് പെൻഷനിൽ നിന്നും ചട്ടം 117 A, KSR Part 3 പ്രകാരം റിക്കവറിക്ക് സമ്മതമാണെന്ന് പെൻഷനർ സമതപത്രം നൽകിയിട്ടുള്ളതിനാലും ഇതു സംബന്ധിച്ച ചട്ടത്തിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. കൂടാതെ പെൻഷൻ റിവിഷൻ നടപ്പിലാക്കുമ്പോഴാണ് തെറ്റായ പെൻഷൻ നിർണ്ണയത്തിനുള്ള സാധ്യതയുള്ളത്. എല്ലാ പെൻഷൻ റിവിഷൻ ഉത്തരവിലും ടി ആനുകൂല്യം കൈപറ്റുന്നതിനു മുൻപ് അധികമായി തുക കൈപ്പറ്റുന്ന പക്ഷം റിക്കവറിക്ക് സമ്മതമാണെന്ന് എഴുതി നൽകേണ്ടതുണ്ട്. അങ്ങനെ സമതപത്രം നൽകിയ കേസുകളിൽ ബഹു.സുപ്രീംകോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ റിക്കവറി സാധ്യമാണ്.

ii. പെൻഷൻകാർക്ക് ലഭിക്കുന്ന ക്ഷാമാശ്വാസത്തിൽ നിന്ന് അധികമായി കൈപ്പറ്റുന്ന തുക ഈടാക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ച് പിന്നീട് അറിയിക്കുന്നതാണ്.

iii. അധികമായി നൽകിയ തുക തിരികെ പിടിക്കുന്നതിനു മുൻപ് പെൻഷൻകാർ മരണപ്പെട്ടാൽ പ്രസ്തുത തുക കുടുംബ പെൻഷനിൽ നിന്നും മേൽ പ്രതിപാദിച്ച പ്രകാരം ഈടാക്കാവുന്നതാണെന്ന നിർദ്ദേശവും നിയമപരമായി നിലനിൽക്കുന്നതല്ല. അധികമായി നൽകിയ തുക തിരികെ പിടിക്കുന്നതിനു മുൻപ് പെൻഷൻകാർ മരണപ്പെട്ടാൽ ടി തുക ടിയാന്റെ സ്ഥാപരജംഗമവസ്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി വഴിയോ അല്ലെങ്കിൽ അവകാശികൾക്ക് എത്രത്തോളമാണോ Deceased ന്റെ Property inherit ചെയ്തത് അത്രത്തോളം അവരിൽ നിന്നും ഈടാക്കാവുന്നതാണ്.

iv. പെൻഷൻ /കുടുംബ പെൻഷൻ കൈപ്പറ്റുന്നവരിൽ നിന്നും അധികമായി നൽകിയ തുക തിരികെ പിടിക്കുന്നതിനു മറ്റ് മാർഗങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടി ക്രമങ്ങളിലൂടെ അധികമായി കൈപ്പറ്റിയ തുക ഈടാക്കാവുന്നതാണ് .

v. പെൻഷൻ റിവിഷൻ നടപ്പിലാക്കുമ്പോൾ അധിക തുക നൽകാതെയിരിക്കുവാൻ /തെറ്റായി റിവിഷൻ നടത്താതെയിരിക്കുവാൻ ബന്ധപ്പെട്ട ട്രഷറി ഉദ്യോസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇതുമൂലം സർക്കാരിന് എന്തെങ്കിലും ബാധ്യത വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട ട്രഷറി ഉദ്യോസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സുതൻ.ഡബ്ല്യൂ.ജെ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

Geethanu

സെക്ഷൻ ഓഫീസർ